പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1784. 25-03-2013 -ൽ മറുപടിക്ക്.

## ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കാൻ അനുമതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി. സുധാകരൻ: | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | ആലപ്പുഴ ജില്ലാ ആശുപത്രിക്കു സമീപം എക്സൈസ് ഓഫീസിനു മുന്നിലായി അപകടകരമായി നിൽക്കുന്ന വൈദ്യുത ട്രാൻസ്ഫോർമർ, എക്സൈസ് ഓഫീസ് കോമ്പൗണ്ടിനുള്ളിലേക്ക് മാറ്റി സ്ഥാപിക്കുവാൻ ഇലക്ട്രിസിറ്റി ബോർഡ് എക്സൈസ് വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ടോ; | (എ) ഇലക്ട്രിസിറ്റി ബോർഡ്, എക്സൈസ് വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ട്. |
| (ബി) | എങ്കിൽ അനുമതി നൽകിയോ; | (ബി) അനുമതി നൽകിയിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ അതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ; അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) പ്രസ്തുത എക്സൈസ് കോംപ്ലക്സിൽ, 5 ഓഫീസുകളിലായി, 70-ഓളം ജീവനക്കാർ ജോലി ചെയ്യുന്നു. ഡിപ്പാർട്ടുമെന്റ് വാഹനങ്ങളെ കൂടാതെ ജീവനക്കാരുടെ വാഹനങ്ങളും ടി കോമ്പൗണ്ടിൽ പാർക്ക് ചെയ്യുന്നു. കൂടാതെ, കോംപ്ലക്സിനുള്ളിലെ തൊണ്ടി മുറികളിൽ തീ പിടിക്കാൻ സാധ്യതയുള്ള, സ്പിരിറ്റ്, ചാരായം, അരിഷ്ടം എന്നിവ സൂക്ഷിക്കുന്നുണ്ട്. ട്രാൻസ്ഫോർമർ കോംപ്ലക്സിനുള്ളിൽ സ്ഥാപിച്ചാൽ ഡിപ്പാർട്ടുമെന്റ് വാഹനങ്ങൾ റോഡിൽ പാർക്ക് ചെയ്യേണ്ടി വരുന്നതുമൂലം ഗതാഗത തടസ്സം ഉണ്ടാകുന്നതു കൂടാതെ ടി ബഹുനില കെട്ടിടത്തിന് എന്തെങ്കിലും തരത്തിലുള്ള അത്യാഹിതം സംഭവിച്ചാൽ ഫയർഫോഴ്സിന് സുഗമമായി കടന്നുവന്ന് പ്രവർത്തിക്കാൻ തടസ്സമാകുകയും ചെയ്യും. മാത്രമല്ല ടി കോംപ്ലക്സിനുള്ളിൽ എന്തെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യരുതെന്ന് PWD കെട്ടിട വിഭാഗം നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ